"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - 2018 ആഗസ്റ്റ് 16-നുണ്ടായ വെള്ളപ്പൊക്കത്തിൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ചാലക്കുടി ഗോഡൗണിൽ സംഭവിച്ച നാശനഷ്ടങ്ങൾക്കുള്ള ഇൻഷ്വറൻസ് ക്ലെയിം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്- ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 2845/2026/ധന** **തീയതി, തിരുവനന്തപുരം, 15/03/2026**

പരാമർശം :- ഇൻഷ്വറൻസ് ഡയറക്ടറുടെ 20/09/2025 തീയതിയിലെ കെ.എസ്.ഐ.ഡി/ എഫ് 1 /റ്റി 001812940 നമ്പർ കത്ത്.

**ഉത്തരവ്**

2018 ആഗസ്റ്റ് 16-നുണ്ടായ വെള്ളപ്പൊക്കത്തിൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ചാലക്കുടി ഗോഡൗണിൽ സൂക്ഷിച്ചിരുന്ന സ്റ്റോക്കുകൾക്ക് വലിയ തോതിൽ നാശനഷ്ടങ്ങളുണ്ടായതായും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ സംസ്ഥാനത്തെ വിവിധ ഗോഡൗണിലുള്ള സ്റ്റോക്കുകൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ KSID/F1/10148/2018 നമ്പർ പോളിസി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുള്ളതും ടി പോളിസി വ്യവസ്ഥകൾ പ്രകാരം മേൽപ്പടി ആസ്തികൾക്ക് 11/07/2018 മുതൽ 10/07/2019 വരെ ആകെ 162,21,75,556/- രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയുള്ളതായും 2018-19 കാലയളവിലേക്ക് നൽകിയിട്ടുള്ള പോളിസിയിൽ മുൻ പോളിസിയുടെ വ്യവസ്ഥകളും sum insured അടിസ്ഥാനപ്പെടുത്തിയും ഫയർ പോളിസി നൽകിയിട്ടുള്ളതുമാണെന്നും പ്രസ്തുത ക്ലെയിം ഉന്നയിക്കപ്പെട്ട പോളിസി ഒരു ഫ്ലോട്ടർ പോളിസിയായി കണക്കാക്കുകയും റീ-സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിക്കാവുന്ന അന്തിമ ക്ലെയിം 78,78,304/- രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്നും ഇൻഷ്വറൻസ് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ചാലക്കുടി ഗോഡൗണിൽ സംഭവിച്ച നാശനഷ്ടങ്ങൾക്ക് ക്ലെയിം ഉന്നയിക്കപ്പെട്ട പോളിസി ഫ്ലോട്ടർ പോളിസിയായി കണക്കാക്കിയിട്ടുണ്ടെന്ന് ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിലും സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും 2018 ലെ പ്രളയത്തിൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ചാലക്കുടി ഗോഡൗണിൽ സംഭവിച്ച നാശനഷ്ടങ്ങൾക്ക് സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ക്ലെയിം ഉന്നയിക്കപ്പെട്ട പോളിസി ഒരു ഫ്ലോട്ടർ പോളിസിയായി കണക്കാക്കി 2017-18, 208-19 പോളിസി കാലയളവുകളിലെ ആകെ Differential premium തുകയായ 29,91,613/- (19,44,721 + 10,46,892) രൂപ ക്രമപ്പെടുത്തി നിശ്ചയിച്ചിട്ടുള്ള അന്തിമ ക്ലെയിം തുകയായ 78,78,304/- രൂപ (എഴുപത്തിയെട്ട് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി മുന്നൂറ്റി നാല് രൂപ മാത്രം) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ച് നൽകുന്നതിന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പി.ആർ.ഡി
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ 3382520/എസ്റ്റാ-ഡി2/9/2026-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ